Page 1 of 2

സ്വന്തമായി 10 സെന്റ് സ്ഥലം ലഭ്യമായതും നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതുമായ അങ്കണവാടികൾക്കാണ് മോഡൽ അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് സർക്കാർ നിർമ്മാണാനുമതി നൽകുന്നത്. പ്രസ്തുത പദ്ധതി പ്രകാരം ഒരു അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് 23.75 ലക്ഷം രൂപയാണ് യൂണിറ്റ് കോസ്റ്റ്. ആയതിൽ 17 ലക്ഷം രൂപ വകുപ്പ് വിഹിതമായും ബാക്കി 6.75 ലക്ഷം രൂപ ബന്ധപ്പെട്ട നിയോജകമണ്ഡലം എം.എൽ.എ. വിഹിതവുമായാണ് വകയിരുത്തുന്നത്.

(ബി) പയ്യന്നൂർ മണ്ഡലത്തിലെ കരിവെള്ളൂർ-പെരളം ഗ്രാമപഞ്ചായത്തിലെ പാലത്തര അങ്കണവാടിയെ മോഡൽ അങ്കണവാടിയായി ഉയർത്താനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പയ്യന്നൂർ മണ്ഡലത്തിലെ കരിവെള്ളൂർ പെരളം ഗ്രാമ പഞ്ചായത്തിലെ പാലത്തര അങ്കണവാടിയ്ക്ക് 2020-21 സാമ്പത്തികവർഷത്തിൽ 27,64,952 രൂപ വിനിയോഗിച്ച് സ്മാർട്ട് അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത കെട്ടിടനിർമ്മാണത്തിനായി പ്രാരംഭനടപടികൾ ആരംഭിച്ചിട്ടുണ്ട്.

**അങ്കണവാടി ജീവനക്കാരുടെ നിയമനം**

293 (5018) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലെ ഏതൊക്കെ അങ്കണവാടികളിൽ ജീവനക്കാരെ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചുവെന്ന് വ്യക്തമാക്കാമോ?

ഗുരുവായൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട ചാവക്കാട് മുനിസിപ്പാലിറ്റി, പുന്നയൂർ, പുന്നയൂർക്കുളം, വടക്കേക്കാട് ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിലും ചാവക്കാട് അഡീഷണൽ ഐ.സി.ഡി.എസ്. പ്രോജക്ടിലെ ഗുരുവായൂർ മുനിസിപ്പാലിറ്റി, ഒരുമനയൂർ പഞ്ചായത്ത്, കടപ്പുറം പഞ്ചായത്ത് എന്നിവിടങ്ങളിലും തളിക്കുളം ഐ.സി.ഡി.എസ്. പ്രോജക്ടിലെ എങ്ങണ്ടിയൂർ പഞ്ചായത്തിലും അങ്കണവാടി വർക്കർ/ഹെൽപ്പർ തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചിട്ടുണ്ട്.

(ബി) ക്ഷണിച്ച അപേക്ഷകളിൻമേൽ ഇന്റർവ്യൂ, നിയമനം എന്നീ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഗുരുവായൂർ നിയോജക മണ്ഡലത്തിലെ ചാവക്കാട് മുനിസിപ്പാലിറ്റിയിൽ ഹെൽപ്പർ തസ്തികയിൽ സെലക്ഷൻ നടപടികൾ പൂർത്തിയായിട്ടുള്ളതും നിയമനം നടത്തിയിട്ടുള്ളതാണ്. സെലക്ഷൻ കമ്മിറ്റിയിലേക്ക് 5 സാമൂഹ്യപ്രവർത്തകരെ

LIBRARY ARCHIVES Kerala Legislative Assembly

നോമിനേറ്റ് ചെയ്ത് പഞ്ചായത്തിൽനിന്നും ലഭിക്കാത്തതുകാരണം സെലക്ഷൻ കമ്മിറ്റി സമയബന്ധിതമായി രൂപീകരിക്കാൻ ശിശുവികസന പദ്ധതി ഓഫീസർമാർക്ക് കഴിയാത്ത സാഹചര്യമാണ് സെലക്ഷൻ നടപടികൾ നീണ്ടു പോകുവാൻ കാരണമായിട്ടുള്ളത്. നിലവിൽ, WP(C) No. 24893/2018 നമ്പർ 26-11-2019-ൽ പുറപ്പെടുവിച്ച വിധിന്യായപ്രകാരം സെലക്ഷൻ കമ്മിറ്റി രൂപീകരണവും നടപടികളും ബഹുമാനപ്പെട്ട കേരള ഹൈക്കോടതി റദ്ദുചെയ്തിട്ടുണ്ട്.

(സി) അങ്കണവാടികളിൽ ജീവനക്കാരെ അടിയന്തരമായി നിയമിക്കേണ്ടതിനാൽ ഇതുസംബന്ധിച്ചുള്ള തടസ്സം ഒഴിവാക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

അതിയന്നൂർ ഐ.സി.ഡി.എസ്. പ്രോജക്ടിലുൾപ്പെട്ട നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിലെ അങ്കണവാടി സെലക്ഷൻ ലിസ്റ്റിനെതിരെ ആക്ഷേപമുന്നയിച്ച് ശ്രീമതി. മോനിഷ എം.എസ്. -ഉം കൂട്ടരും ഫയൽ ചെയ്ത WP(C) No. 24893/ 2018 നമ്പർ 26-11-2019-ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധി ന്യായമനുസരിച്ച് നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിലെ സെലക്ഷൻ ലിസ്റ്റ് റദ്ദാക്കുകയും മറ്റിടങ്ങളിൽ 26-11-2019-ന് മുൻപ് പുതിയ സെലക്ഷൻ കമ്മിറ്റി രൂപീകരണമുൾപ്പെടെയുള്ള നടപടി പൂർത്തിയായിട്ടുണ്ടെങ്കിൽ മാത്രം ആയത് നിലനിൽക്കുന്നതാണെന്നും അല്ലാത്തപക്ഷം പുതിയ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലേ പുതിയ സെലക്ഷൻ നടപടികൾ സ്വീകരിക്കാവൂ എന്നും ഉത്തരവായിട്ടുള്ളതാണ്. പ്രസ്തുത വിധിന്യായത്തിനെതിരെ സർക്കാർ 30-9-2020-ൽ WA No. 730/2020 നമ്പറായി റിട്ട് അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത റിട്ട് അപ്പീലിൽ അന്തിമവിധിവരുന്ന മുറയ്ക്ക് മാത്രമേ സെലക്ഷൻ നടപടികൾ ആരംഭിക്കാൻ കഴിയുകയുള്ളൂ. അങ്കണവാടി നിയമനങ്ങളിൽ കൂടുതൽ സുതാര്യതയും അക്കൗണ്ടബിലിറ്റിയും വേഗതയും ഉറപ്പാക്കുന്നതിന് പ്രസ്തുത ജീവനക്കാരുടെ നിയമന സേവന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതു സംബന്ധിച്ചുള്ള വിഷയം പരിഗണനയിലാണ്.

**വനിത-ശിശുവികസന വകുപ്പിന്റെ പ്രവർത്തനം**

294 (5019) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21 കാലയളവിൽ രൂപീകരിച്ച വനിത-ശിശുവികസന വകുപ്പിന്റെ പ്രവർത്തനം ലക്ഷ്യപ്രാപ്തിയിൽ എത്തിക്കുന്നതിന് എന്തെല്ലാം ശ്രമങ്ങളാണ് വകുപ്പ് നടത്തി വരുന്നതെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly